## അധ്യായം 3

# വടക്കേമണിയങ്ങാട്ടു കുടുംബം

വടക്കേമണിയങ്ങാട്ടു കുര്യന്റെ ഇളയ പുത്രൻ തറവാട്ടിൽ താമസിച്ചിരുന്ന മാത്യു കടപ്ലാമറ്റം പഴപ്ലാക്കിയിൽ നിന്നുള്ള വിവാഹത്തിൽ രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പ്രസ്തുത മാത്യു 04-11-1916-ൽ 85-ാം വയസിലും ഭാര്യമറിയാമ്മ 1990-ൽ 75-ാം വയസിലും മരിച്ചു. ഏക പുത്രിയെ വരിക്കമാക്കൽ കുടുംബത്തിലേക്കു കെട്ടിച്ചയച്ചു. ഭർത്താവ് മരിച്ചതിനെതുടർന്ന് പൈങ്കുളത്തു തുരുത്തിയിൽ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു.

മൂത്തമകൻ കുര്യൻ ആറുമാനൂർ ചോലമറ്റത്തിൽ അന്നമ്മയെ വിവാഹം കഴിച്ചു. കുര്യൻ-അന്നമ്മ കുടുംബം വാകമലയ്ക്കടുത്ത് തലവയലിൽ താമസമാക്കി. ഈ ദമ്പതികൾക്ക് മത്തായി, തൊമ്മച്ചൻ, കുര്യൻ എന്നു മൂന്നുപുത്രന്മാരും മറിയാമ്മ എന്നൊരു പുത്രിയും ജാതരായി. പിതാവു കുര്യൻ 45-ാം വയസ്സിൽ അകാലചരമ മടഞ്ഞു. മാതാവ് അന്നമ്മയാകട്ടെ പുത്രപൗത്രാദികളുടെ സ്നേഹവാത്സല്യം അനുഭവിച്ച് എൺപതാം വയസ്സിലാണ് ഇഹലോകവാസം വെടിഞ്ഞത്.

കുര്യൻ-അന്നമ്മ ദമ്പതികളുടെ ഏക മകൾ മറിയാമ്മയെ ചേർപ്പുങ്കൽ കീച്ചറ (ഈട്ടിക്കൽ) ചാക്കോ സ്വകുടുംബിനിയാക്കി. മൂത്തമകൻ മത്തായി (കുഞ്ഞച്ചൻ) കടപ്ലാമറ്റം കണ്ണാനിക്കൽ ഔസേപ്പ്-അന്നമ്മ മകൾ അന്നമ്മയെ വധുവായി വരിച്ചു. പള്ളിക്കത്തോട് അരുവീക്കുഴിയിലാണ് ഈ കുടുംബം താമസിച്ചിരുന്നത് മത്തായി -അന്നമ്മ ദമ്പതികൾക്ക് ജോസഫ് (കുട്ടി) കുര്യൻ (കുഞ്ഞ്) പാപ്പച്ചൻ, വർക്കി എന്നു നാലു പുത്രന്മാരും അന്നമ്മ, മറിയക്കുട്ടി എന്നു രണ്ടുപുത്രിമാരുമായിരുന്നു. സന്താനങ്ങൾ പിതാവ് മത്തായി കൊ. വ. 1119 ഇടവം 1-ാം തീയതി 62-ാം വയസ്സിൽ ഈലോകം വിട്ടുപി

രിഞ്ഞു മാതാവ് അന്നമ്മ 1914 നവംബർ 8-ാം തീയതി 95-ാം വയസ്സിലും അന്തരിച്ചു.

പുത്രിമാരിൽ അന്നമ്മ ചെമ്പിളാവിൽ മണ്ഡപത്തിൽ അന്തോനിയുടെ ജീവിത പങ്കാളിയായി. ഈ ദമ്പതികൾക്ക് മാത്യു, ജോസഫ്, ബേബി, തങ്കച്ചൻ എന്നു നാല് ആണും എൽസി എന്നൊരുമകളും സന്താനങ്ങൾ എൽസി മിഷനറി സിസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. മാതാവ് അന്നമ്മ 1995-ൽ 68-ാം വയസ്സിൽ നിര്യാതയായി.

മത്തായി-അന്നമ്മ ദമ്പതികളുടെ രണ്ടുമത്തെ മകൾ മറിയക്കുട്ടി 1957 സെപ്റ്റംബർ 12-ാം തീയതി 30-ാം വയസ്സിൽ ചരമം പ്രാപിച്ചു.



### മണിയങ്ങാട്ട് മത്തായി ജോസഫ് (കുട്ടി)

മത്തായി-അന്നമ്മ ദമ്പതികളുടെ മൂത്തമകൻ ജോസഫ് (കുട്ടി) 1914 ഏപ്രിൽ 6-നു ജനിച്ചു. വിദ്യാഭ്യാസാനന്തരം, മുഴൂർ ചക്കാനിക്കുന്നേൽ തൊമ്മൻ-അന്നമ്മ മകൾ മറിയാമ്മയെ പാണിഗ്രഹണം ചെയ്തു. പള്ളിക്കത്തോട് അരുവിക്കുഴിയിൽ താമസം തുടർന്നു.

ഈ ദമ്പതികൾക്ക് എട്ടുമക്കൾ അവരിൽ മാമ്മി കൊച്ച് എന്ന മകൾ 5-ാം വയസ്സിലും മത്തകൊച്ച് എന്ന മകൻ 9-ാം വയസ്സിലും മേരിക്കൊച്ച് എന്ന മകൾ 4½ വയസ്സിലും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പിതാവ് ജോസഫ് 1982 ജൂലൈ 21-നാണ് അന്തരിച്ചത്. മരിക്കുമ്പോൾ അദ്ദേഹത്തിന് 69 വയസ്സുണ്ടായിരുന്നു.

## ഫാ.തോമസ് മണിയങ്ങാട്ട് എം.എ., എൽ.എൽ.ബി.

അരുവിക്കുഴി മണിയങ്ങാട്ട് ജോസഫ്-മറിയാമ്മ ദമ്പതിമാരുടെ നാലാമത്തെ സന്താനമായി 1942 ജൂലൈ 6-ാം തീയതി ഭൂജാത നായി ജ്ഞാനസ്നാനത്തിൽ തോമസ് എന്ന പേരു സ്വീകരിച്ചു.

സ്വദേശത്ത് പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം 1968-ൽ ഊട്ടി സെന്റ് പീയൂസ് മൈനർ സെമിനാരിയിൽ ചേർന്നു. 1966-ൽ പൂനമല്ലിസേക്രട്ട് ഹാർട്ട് മേജർ സെമിനാരിയിൽ 1973 വരെ വൈദികവിദ്യാഭ്യാസം തുടർന്ന് സത്യമംഗലം സെന്റ് ജോൺ ഡിബ്രിട്ടോയിൽ റീജൻസി പരിശീലനവും നടത്തി.

1973 ഡിസംബർ 21-ാം തീയതി അരുവിക്കുഴി സെന്റ് മേരീസ് ലൂർദ്ദുപള്ളിയിൽ വച്ച്, അഭിവന്ദ്യ മാർ ആന്റണി പടിയറ തിരുമേ നിയിൽ നിന്നും ഗുരുപ്പട്ടം സ്വീകരിച്ചു.

1974-ൽ വെല്ലിംഗ്ടൺ സെന്റ് ജോസഫ് പള്ളിയിൽ അസി സ്റ്റന്റു വികാരിയായി വൈദിക ശുശ്രൂഷ ആരംഭിച്ചു 1975-ൽ ദേവാലാ സെന്റ് ആന്റണീസ് പള്ളിയിലും 1976 മുതൽ 78-വരെ കീഴ്-കോട്ട ഗിരി സെന്റ് ആന്റണീസ് പള്ളിയിലും 1978-ൽ ചിന്നാഹള്ളി ഹോളി ക്രോസ് പള്ളിയിലും ഫാ. തോമസ് വികാരിയായി സേവനം അനു ഷ്ഠിച്ചു. 1978-80-ൽ ഉദഗരണ സെന്റ് ഫ്രാൻസീസ് ഡിസാലസ് കോൺവെന്റ് ചാപ്ലയിനായും ഊട്ടി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസി. ഡയറക്ടറായും മാസ് മീഡിയായും കാറ്റി ക്കിസത്തിന്റെ ഇൻചാർജായും പ്രവർത്തിച്ചു. 1980-81-കാലത്ത് ഊട്ടി റെക്സ് ഹയർസെക്കണ്ടറി സ്കൂൾ വൈസ് പ്രിൻസിപ്പലായി നിയ മിതനായി.

1981 മുതൽ 88വരെ മുതിയന്നൂർ സെന്റ് തോമസ് പള്ളിയിലും 1988 മുതൽ 93 വരെ കൊത്തമംഗലം സെന്റ് ജോർജ്ജ് പള്ളിയിലും 1993 മുതൽ 99 വരെ പന്തലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ പള്ളി യിലും വികാരിയായി ഇടവക ശുശ്രൂഷ ചെയ്തു. കൊത്തമംഗ ലത്തും പന്തലൂരും പുതിയ പള്ളികൾ നിർമ്മക്കുകയും 1993-99 കാലയളവലിൽ പന്തലൂർ ഇൻഡ്കോ റ്റീഫാക്ടറിയുടെ ചെയർമാ നായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

ഫാ.തോമസിന്റെ വിലപ്പെട്ട സേവനങ്ങൾ പരിഗണിച്ച് രണ്ട് സ്റ്റേറ്റ് അവാർഡുകളും ഇദ്ദേഹത്തെ തേടി എത്തുകയുണ്ടായി.

1981 മുതൽ 2001 വരെയുള്ള കാലത്ത് ജർമ്മനി, ഫ്രാൻസ്, സ്വിറ്റ്സർലണ്ട്, ഓസ്ട്രീയ, ബൽജീയം, സ്പെയിൻ, ഇംഗ്ലണ്ട്, ഇറ്റലി,അമേരിക്ക തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠന പര്യടനം നടത്തുവാനും ഇദ്ദേഹത്തിന് അവസരം ലഭിച്ചു.

1999 മുതൽ ഊട്ടി റെക്സ് ഹയർ സെക്കണ്ടറി സ്കൂൾ കറസ്പോണ്ടന്റായും ഗുഡ്ഷെപ്പേർഡ് കോൺവെന്റിന്റെ ചാപ്ലയിനായും സേവനം തുടർന്നു വരുന്നു.

## ഫാ. ജോസഫ് മണിയങ്ങാട്ട് C.S.T; M.A; P.D.; ed.s

അരുവിക്കുഴി മണിയങ്ങാട്ട് ജോസഫ്-മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി ജോസഫ് 1946 മെയ് 9-നു ജനിച്ചു. അരുവിക്കുഴി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും ആനിക്കാട് സെന്റ് തോമസ് സ്കൂളിൽ നിന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസവും കഴിഞ്ഞ് കാഞ്ഞിരമറ്റം സെന്റ് അലോഷ്യസ് സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. യും പാസ്സായി. 1963-ൽ സെമിനാരി പഠനത്തിനായി മുക്കന്നൂർ ലിറ്റിൽ ഫ്ളവർ കോൺഗ്രിഗേഷനിൽ ചേർന്നു.

1965-69 കാലത്ത് ആലുവാ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ തത്ത്വശാസ്ത്ര പഠനം നടത്തി.

1969-ൽ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് ദൈവശാസ്ത്രപഠനം ആരംഭിച്ചു. ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ മുറയ്ക്ക് 1972 ഡിസംബർ 18-ന് പ്രസ്തുത സെമിനാരി ചാപ്പലിൽ വച്ച്. ഗുരുപ്പട്ടം സ്വീകരിച്ച് 1973-ൽ തിയോളജിയിൽ ബിരുദവും നേടി.

ഒരു വർഷം അങ്കമാലി സെന്റ് ജോർജ്ജ് ഫൊറോനാപ്പള്ളിയിൽ അസിസ്റ്റുവികാരിയായി വൈദികശുശ്രൂഷ നിർവഹിച്ചു.

1974 മുതൽ 77വരെ ആലുവാ യുണിയൻ ക്രീസ്റ്റ്യൻ കോളേജിൽ പഠിച്ച് കേരളയൂണിവേഴ്സിറ്റിയിൽ നിന്ന് രണ്ടാം റാങ്കോടെ മനഃശാസ്ത്രവിഷയത്തിൽ ബി.എ. പാസ്സായി. 1977 മുതൽ 79 വരെ കേരള യൂണിവേഴ്സിറ്റിയുടെ തിരുവന്തപുരം ആസ്ഥാനത്ത് പഠിച്ച് ഒന്നാംറാങ്കോടെ മനഃശാസ്ത്ര വിഷയത്തിൽ എം.എ. ബിരുദാന്തര ബിരുദം നേടി.

തുടർന്ന് 1979 മുതൽ 83 വരെ ശ്രീകണ്ഠാപുരം (കണ്ണൂർ) സാംതോംപാരൽ കോളേജ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. അതോടൊപ്പം കോട്ടൂർ സെന്റ് തോമസ് പള്ളി വികാരിയായും കോട്ടൂർ സെന്റ് തോമസ് ആശ്രമം സുപ്പീരിയറായും കോട്ടൂർ ബോയിസ് ഹോം & ടെക്നിക്കൽ സ്കൂൾ മാനേജർ ആയും സേവനം ചെയ്തു.

1983-ൽ ഉപരിപഠനാർത്ഥം അമേരിക്കയിലേക്കുപോയി. 1987-ൽ ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്ന് സ്കൂൾ കൗൺസിലിംഗിൽ ബിരുദം നേടി.

1992-ൽ അമേരിക്കയിൽ തന്നെ ന്യൂജേഴ്സിയിലുള്ള സെന്റ് ഹാൾ യൂണിവേഴ്സിറ്റിയിൽ നിന്ന് മാര്യേജ് ആന്റ് ഫാമിലി തെറാപ്പിയിൽ Ed-s എന്ന ബിരുദം സമ്പാദിച്ചു 1995 വരെ അമേരിക്കയിൽ വിവിധ സ്കൂളിൽ കൗൺസിലറായി സേവനം അനുഷ്ഠിച്ചു. 1995 മുതൽ 99 വരെ ന്യൂയോർക്കിലെ സെന്റ് ഫ്രാൻസിസ് ഹോസ്പിറ്റൽ ചാപ്ലയിനായും ശുശ്രൂഷചെയ്തു. 99 മുതൽ കേരളത്തിലേക്കുമടങ്ങുന്നതുവരെ ന്യൂയോർക്കിലെ സിറ്റി പബ്ലിക്ക് സ്കൂൾ കൗൺസിലർ ആയിരുന്നു.

കേരളത്തിൽ തിരിച്ചെത്തിയ ശേഷം കിടങ്ങൂർ (അങ്കമാലി) കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി സെന്റർ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു.

## സിസ്റ്റർ അന്നമ്മ എഫ്.എം.എം.

അരുവിക്കുഴി മണിയങ്ങാട്ട് ജോസഫ്-മറിയാമ്മ ദമ്പതിമാരുടെ ആറാമത്തെ സന്താനമായ അന്നമ്മ 1949 ഫെബ്രുവരി 2-ാം തീയതി ഭൂജതയായി. സ്കൂൾ വിദ്യാഭ്യാസാനന്തരം സ്വന്തം ദൈവവിളിതിരിച്ചറിഞ്ഞ് ഫ്രാൻസിസ്ക്കൽ മിഷനറീസ് ഓഫ് മേരി എന്ന സന്യാസിനീ സഭയുടെ ഊട്ടി പ്രോവിൻസിൽ അർത്ഥിനിയായി ചേർന്നു. 1978-ൽ വ്രതവാഗ്ദാനം നടത്തി ഇതിനിടയിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഡിപ്ലോമ കരസ്ഥമാക്കി. അതിനുശേഷം ഊട്ടി പ്രോവിൻസിൽപെട്ട കേറ്റി കോട്ടഗിരി, ഈറോഡ് സൂസൈപുരം എന്നിവിടങ്ങളിലെ കോൺവെന്റുകളിൽ സോഷ്യൽ വർക്കർ ആയി പ്രവർത്തിച്ചു.

1984-ൽ ആയിരുന്ന നിത്യവ്രതവാഗ്ദാനം. 1987-ൽ വിജയ വാഡാ മാരിസ്റ്റെല്ലാ കോളേജിൽ നിന്നും B.S.W. ബിരുദം നേടി. തുടർന്ന് സൂസൈപുരത്തുള്ള സെന്റ് ജോസഫ്സ് കോൺവെന്റിൽ സി.ജി. എഫ്. പ്രോജക്റ്റിന്റെ കോ.ഓർഡിനേറ്ററായി എഴുവർഷം ജോലി നിർവഹിച്ചു അതിനുശേഷം കോയമ്പത്തൂർ ഐ.സി.സി. കോൺവെന്റിൽ ബോർഡിംഗ് ഇൻചാർജായി ചുമതല വഹിച്ചു. അടുത്ത മൂന്നുവർഷം ദോട്ഡാപുരത്തെ ക്രിസ്തുനിവാസ് കോൺവെന്റിൽ സോഷ്യൽ വർക്കറായിരുന്നു. 1999-2004 കാലയളവിൽ കോയമ്പത്തൂരിലെ അനുഗ്രഹം കോൺവെന്റിൽ കാരിത്താസ് ഇൻഡ്യാ പ്രോജക്ടറ്റിന്റെ ഇൻചാർജായും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ കോയമ്പത്തൂർ അടുത്ത് അവനാശി വേളാങ്കണ്ണി മാതാ കോൺവെന്റിലെ ഹോസ്പിറ്റലിൽ ശുശ്രൂഷ ചെയ്യുന്നു.

## എം.ജെ. മാത്യു മണിയങ്ങാട്ട്



**മണിയങ്ങാട്ട് കുട്ടി മകൻ മാത്യുവും കുടുംബവും**

അരുവിക്കുഴി മണിയങ്ങാട്ട് ജോസഫ്-മറിയാമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ എം.ജെ. മാത്യു വിദ്യാഭ്യാസശേഷം യൗവ്വനപ്രാപ്തിയോടെ ചെങ്ങളം പ്ലാത്തറയിൽ ആന്റണി-റോസമ്മ മകൾ ശോശാമ്മ (സോമ)യെ ജീവിത പങ്കാളിയായിവരിച്ചു. ശോശാമ്മ ഹൈസ്കൂൾ അധ്യാപികയാണ്. മാത്യു പാമ്പാടിയിൽ ടെക്സ്റ്റൈൽ വ്യാപാരം നടത്തുന്നു.

മാത്യു-സോമ ദമ്പതികൾക്ക് സുജിത്ത്, സുനിത, സുമിത എന്നിവരാണ് സന്താനങ്ങൾ. ഏകമകൻ സുജിത്ത് കോട്ടയം മെഡിക്കൽ കോളേജിലും സീമന്ത പുത്രി സുനിത പുഷ്പഗിരി മെഡിക്കൽ കോളേജിലും എം.ബി.ബി.എസ്-ന് പഠിക്കുന്നു. കനിഷ്ഠപുത്രി സുമിത കാഞ്ഞിരപ്പള്ളി ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ വിദ്യാർത്ഥിനിയാണ്.

## എം.ജെ. കുര്യൻ മണിയങ്ങാട്ട്



**മണിയങ്ങാട്ട് എം.ജെ. കുര്യനും കുടുംബവും**

ജോസഫ്-മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ കുര്യാച്ചൻ (എം.ജെ. കുര്യൻ) സെക്കണ്ടറി വിദ്യാഭ്യാസാനന്തരം ടെക്നിക്കൽ പഠനത്തിലേക്കുതിരിഞ്ഞു. ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ പാസ്സായി. താമസിയാതെ അങ്കമാലി റ്റെൽകിൽ ജോലി ലഭിച്ചു. പിന്നീടും തൃശൂർ ഗവ. എൻജിനീയറിംഗ് കോളേജിൽ പഠിച്ചു. ബി.ടെക് ബിരുദമെടുത്തു അസിസ്റ്റന്റു മാനേജറായി ജോലിയിലിരിക്കെ സൗദി അറേബ്യയിലെ ദമാമിൽ ഡിസൈൻ എൻജിനീയറായി ക്ഷണം ലഭിച്ചതിനെതുടർന്ന്, നാട്ടിലെ ജോലി വിട്ട് ദമാമിൽ ഡിസൈൻ എൻജിനീയറായി ജോലി ചെയ്യുന്നു.

ചെങ്ങളം കുഴിക്കൊമ്പിൽ കെ.സി.മാത്യു-ത്രേസ്യാമ്മ ദമ്പതികളുടെ പുത്രി മരിയെറ്റ എം.എ. ബി.എഡ്. ആണ് കുര്യാച്ചന്റെ സഹധർമ്മിണി. കുര്യാച്ചൻ മരിയെറ്റ ദമ്പതികൾക്ക് ജോബിൻ, റോൺ

ഷെറിൻ എന്നു മൂന്നുമക്കൾ. ഇവർ മൂവരും അങ്കമാലി വിശ്വ ജ്യോതി പബ്ലിക് സ്കൂളിൽ പഠിക്കുന്നു.

കുര്യാച്ചന്റെ കുടുംബം അങ്കമാലിയിൽ സ്ഥിരതാമസമാക്കി യിരിക്കുന്നു.

## മണിയങ്ങാട്ട് കുര്യൻ (കുഞ്ഞ്)





**മണിയങ്ങാട്ട് കുര്യൻ** **മണിയങ്ങാട്ട് മറിയാമ്മ**

അരുവിക്കുഴി മണിയങ്ങാട്ടു മത്തായി-അന്നമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ കുര്യൻ (കുഞ്ഞ്) 1918 ഏപ്രിൽ 29-നു ജനിച്ചു. 1939 ഫെബ്രുവരി 13-ന് മറ്റക്കര തൈക്കൂട്ടത്തിൽ പീലിപ്പോസ്-അന്നമ്മ ദമ്പതികളുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. കുര്യൻ-മറി യാമ്മ ദമ്പതികൾക്ക് മാത്യു പീലിപ്പോസ്, ജോസഫ് കുര്യൻ, ബേബി എന്ന് അഞ്ചു പുത്രന്മാരും ചിന്നമ്മ (അന്നമ്മ) മോളി (മേരിക്കുട്ടി) എന്നു രണ്ടുപുത്രിമാരും സന്താനങ്ങളായുണ്ട്.

മാതാവ് മറിയാമ്മ 1998 മെയ് 9-ാം തീയതിയും പിതാവ് കുര്യൻ 1999 ഫെബ്രുവരി 1-ാം തീയതിയും കർത്താവിൽ നിദ്രപ്രാപിച്ചു.

കുര്യൻ-മറിയാമ്മ ദമ്പതികളുടെ മൂത്തമകൾ ചിന്നമ്മയെ മുഴൂർ തടത്തിൽ മാണി-മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസഫ് സ്വന്തം കുടുംബിനിയാക്കി. ഇവർക്ക് ജോളി, ബെന്നി, മോളി, ജെസി, ബിജു, ബിനോ എന്നിങ്ങനെ ആറുമക്കളുണ്ട്.

മൂത്തമകൾ ജോളി പുന്നത്തുറ കുന്നത്തുർ ബെന്നിയുടെ പത്നിയാണ്. ജോളി-ബെന്നി ദമ്പതികൾക്ക് മൂന്നുമക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

ചിന്നമ്മ-ജോസഫ് തടത്തിലിന്റെ ദ്വിതീയ സന്താനമായ ബെന്നി മഞ്ഞാമറ്റം കുപ്പപ്പുഴയ്ക്കൽ കുടുംബാംഗമായ നൈസിയെ ജീവിത പങ്കാളിയാക്കി. ഇവർക്ക് രണ്ടു പുത്രന്മാരും രണ്ടുപുത്രിമാരുമുണ്ട്.

മൂന്നാമത്തെ സന്താനമായ മോളി കട്ടപ്പന തോട്ടത്തിൽ കുടുംബാംഗമായ ബാബുവിന്റെ കുടുംബിനിയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ മാത്രം.

നാലാമത്തെ സന്താനമായ ജെസ്സിയെ ചങ്ങനാശ്ശേരി അമ്പാട്ട് സോജൻ വിവാഹം കഴിച്ചു. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കൾ. ഈ ദമ്പതികൾ സകുടുംബം ഗൾഫിൽ ഉദ്യോഗാർത്ഥം താമസിക്കുന്നു.

ചിന്നമ്മ-ജോസഫ് തടത്തിലിന്റെ അഞ്ചാമത്തെ സന്താനമായ ബിജു പൗരോഹിത്യം സ്വീകരിച്ചു. ഫാ. സിറിയക്ക് തടത്തിൽ എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം 2001 ഡിസംബറിലാണ് ഗുരുപ്പട്ടം സ്വീകരിച്ചത് ഇപ്പോൾ പാലാ രൂപതയിൽ പെട്ട രത്നഗിരി പള്ളി അസിസ്റ്ററ്റു വികാരിയാണ്.

ചിന്നമ്മ - ജോസഫ് ദമ്പതികളുടെ ആറാമത്തെ സന്താനമായ ബിനോ ബോംബയിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു.



മണിയങ്ങാട്ട് കുര്യൻ മകൻ മാത്യു കുടുംബം

അരുവിക്കുഴി മണിയങ്ങാട്ട് കുര്യൻ-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ് മാത്യു മഞ്ഞാമറ്റം മാരംകുഴിയിൽ തോമസ് -ത്രേസ്യാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രി ലില്ലിക്കുട്ടിയെ ജീവിത സഖിയാക്കി. മാത്യു-ലില്ലിക്കുട്ടി ദമ്പതികൾക്ക് സോണി, സോജി, സോഫി എന്നു മൂന്നുമക്കൾ. മൂത്തമകൻ സോണി ബിരുദപഠനവും കമ്പ്യൂട്ടർ പരിശീലനവും പൂർത്തിയാക്കിയിരിക്കുന്നു. മകൾ സോജി ജനറൽ നേഴ്സിംഗ് അന്തിമ പരിശീലനത്തിലാണ്. ഇളയ പുത്രിസോഫി ഹൈസ്കൂൾ വിദ്യാർത്ഥിനിയും.



**അരുവിക്കുഴി, മണിയങ്ങാട്ട് ഫിലിപ്പോസും കുടുംബവും**

കുര്യൻ-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ പീലിപ്പോസ് കട്ടപ്പന തോട്ടത്തിൽ വീട്ടിൽ മാത്യു-മറിയാമ്മ മകൾ എൽസമ്മയെ പാണിഗ്രഹണം ചെയ്തു. പീലിപ്പോസ് എൽസമ്മ ദമ്പതികൾക്ക് ജിൻസ്, ഷെറിൻ എന്നു രണ്ടുമക്കളുണ്ട്. ജിൻസ് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് കഴിഞ്ഞ് എറണാകുളത്തു ജോലിയിലിരിക്കുന്നു. ഷെറിൻ ജനറൽ നഴ്സിംങ്ങ് പരിശീലനം പൂർത്തിയാക്കികൊണ്ടിരിക്കുന്നു. എൽസമ്മ പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് മെമ്പർ ആയിരുന്നു.

## ഫാ.. ജോസഫ് മണിയാങ്ങാട്ട് സി.എം.ഐ.

കുര്യൻ-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ ജോസഫ് 1953 ജൂൺ 14-ന് ജനിച്ചു. അരുവിക്കുഴി എൽ.പി. സ്കൂൾ,

മണലുങ്കൽ യു.പി.സ്കൂൾ, ചങ്ങനാശ്ശേരി ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പഠിച്ച് 1969-ൽ ഒന്നാം ക്ലാസ്സോടെ എസ്.എസ്. എൽ.സി. പാസ്സായി.

അതേവർഷം തന്നെ കോൺഗ്രിഗേഷൻ ഓഫ് ദ മിഷൻ എന്ന സന്യാസ സഭയിൽ ചേർന്നു. 1975-ൽ ഒറീസ്സായിലെ ബർഹാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിസ്റ്റിംഗ്ഷനോടെ ബി.എ. ബിരുദം നേടി. 1977 മുതൽ 80 വരെ പൂനായിലെ പേപ്പൽ സെമിനാരിയിൽ പഠിച്ച് ഒന്നാംക്ലാസ്സോടെ B.T.H. (തിയോളജിബിരുദം) എടുത്തു.

1980 ഡിസംബർ 22-ാം തീയതി അരുവിക്കുഴിപ്പള്ളിയിൽ വച്ച് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

1981 മുതൽ 85 വരെ ഒറീസ്സായിലെ ഗോപാൽപൂർ അക്വീനാസ് കോളേജിൽ അധ്യാപകനായി.

1985-ൽ ഒറീസ്സായിലെ ബർഹാംപൂർ രൂപതയിൽപെട്ട ബൊഡോപ്പദ ഇടവകയിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. 1987 മുതൽ 90 വരെ ഓസ്ട്രിയായിൽ ഇൻസ് ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ അധ്യയനം നടത്തി തിയോളജിയിൽ M.T.H. ബിരുദാനന്തര ബിരുദവും ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കി.

1990 മുതൽ 98 വരെ ഒറീസ്സയിലെ ഗോപാൽപൂർ മേജർ സെമിനാരി റെക്ടറും പ്രിൻസിപ്പലുമായി സേവനം അനുഷ്ഠിച്ചു.

ഇതിനിടയ്ക്ക് സ്വന്തം സന്യാസ സഭയുടെ ഇൻഡ്യൻ പ്രൊവിൻഷ്യൻ കൗൺസിലറായും ഫോർമേഷൻ ഡയറക്ടറായും പ്രവർത്തിച്ചു.

തുടർന്ന ഒരു വർഷം ഒറീസ്സയിലെ ബൊഡോപ്പദ ഇടവകയിൽ പാരീഷ് പ്രീസ്റ്റായും വൈദീക ശുശ്രൂഷ നിർവഹിച്ചു.

1999-ൽ ഉപരിപഠനാർത്ഥം യൂറോപ്പിലേക്കുപോയി. 2002-ൽ ഓസ്ട്രിയായിലെ ഇൻസ് ബ്രൂക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ ഡോക്ടറേറ്റ് (P.R.D) കരസ്ഥമാക്കി.

2002-ൽ ഇൻഡ്യയിൽ തിരിച്ചെത്തി ഒറീസ്സയിലെ ബഹാംപൂർ രൂപതയിൽ പെട്ട ക്രൈസ്റ്റ് നഗർ ഇടവകയുടെ പാരീഷ് പ്രീസ്റ്റായും റീജനൽ മേജർ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചുവരുന്നു.



അരുവിക്കുഴി മണിയങ്ങാട്ട് കുര്യൻ മകൻ കുട്ടിയച്ചനും കുടുംബം

കുര്യൻ-മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ കുര്യൻ (കുട്ടിയച്ചൻ) തൊടുപുഴ പടിഞ്ഞാറേയിൽ മാത്യു-അന്നമ്മ മകൾ ഗ്രേസിയെ സ്വന്തം ജീവിതപങ്കാളിയാക്കി. ഈ കുടുംബം ഉദ്യോഗാർത്ഥം യു.എസ്.എ. യിൽ താമസിക്കുന്നു. സി.എ. ബിരുദ ധാരിയായ കുട്ടിയച്ചൻ അമേരിക്കയിൽ നിന്ന് സി.പി.എ കരസ്ഥമാക്കി ഗവ: ആഡിറ്ററായി സേവനം ചെയ്യുന്നു. സഹധർമ്മിണി ബാങ്കിൽ പ്രവർത്തിക്കുന്നു. കുര്യൻ-ഗ്രേസി ദമ്പതികൾക്ക് അനീഷ് എന്നൊരു പുത്രനുണ്ട്. അനീഷ് യു.എസ്.എ. യിൽ ബിരുദപഠനം നടത്തുന്നു.



അരുവിക്കുഴി മണിയങ്ങാട്ട് കുര്യൻ മകൾ മോളിയും കുടുംബവും

കുര്യൻ-മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ മോളി മണിമല കാളിയാമ്പിൽ ദേവസ്യാ-മറിയാമ്മ ദമ്പതികളുടെ

മൂന്നാമത്തെ പുത്രൻ തോമസിന്റെ സഹധർമ്മിണിയാണ്. മോളി തോമസ് ദമ്പതികൾക്ക് അരുൺ, അഖിൽ എന്നു രണ്ടു പുത്രന്മാർ- രണ്ടുപേരും വിദ്യാർത്ഥികളാണ്.

കുര്യൻ-മറിയാമ്മ ദമ്പതികളുടെ കനിഷ്ഠ പുത്രൻ ബേബി കാഞ്ഞിരമറ്റം പാത്തിക്കൽ വീട്ടിൽ ജോസഫ്-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ ലീലാമ്മയെ സ്വകുടുംബിനിയായി വരിച്ചു. ഈ ദമ്പതികൾക്ക് ആൽഫി, അമൽ എന്ന രണ്ടുമക്കൾ. രണ്ടുപേരും വിദ്യാർത്ഥികളാണ്.

മത്തായി - അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായ പാപ്പച്ചൻ മൂന്നാമത്തെ വയസിൽ നിര്യാതനായി.



അരുവിക്കുഴി മണിയങ്ങാട്ട് കുര്യൻ മകൻ ബേബിയും കുടുംബവും



അരുവിക്കുഴി മണിയങ്ങാട്ട് മത്തായി വർക്കിയും കുടുംബവും

മത്തായി-അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ വർക്കി 1933 മാർച്ച് 24-നു ജനിച്ചു. പൂവത്തിളപ്പ് പയ്യാനിമണ്ഡപത്തിൽ സ്ക്കറിയായുടെ പുത്രി മറിയക്കുട്ടിയെ വധുവായി വരിച്ചു. വർക്കി-മറിയക്കുട്ടി ദമ്പതികൾക്ക് രാജു, സോളി, മനോജ് എന്നിവരാണ് മക്കൾ മകൾ സോളി മണിമല കിണറ്റുകരമുറി ഈപ്പച്ചൻ ഈത്തമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ ജോജോയുടെ പത്നിയാണ്. സോളിമണിമല സെന്റ് സ്റ്റീഫൻസ് സ്കൂൾ അധ്യാപികയുമാണ് സോളി-ജോജോ ദമ്പതികൾക്ക് കിരൺ എന്നൊരു പുത്രനുണ്ട്.

വർക്കി-മറിക്കുട്ടി ദമ്പതികളുടെ ഇളയ മകൻ മനോജ് കേരള ഗവൺമെന്റ് ജീവനക്കാരനാണ്.

തലവയലിൽ താമസിച്ചിരുന്ന കുര്യൻ-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനും മത്തായി മറിയാമ്മ മുതൽ പേരുടെ സഹോദരനുമായ തൊമ്മച്ചൻ അരുവിക്കുഴിയിലാണ് താമസിച്ചിരുന്നത്.

കൊഴുവനാൽ പൂവക്കുളത്തു മത്തായി-മറിയാമ്മ ദമ്പതികളുടെ പുത്രി അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അന്നമ്മ, മറിയാമ്മ, ഏലിക്കുട്ടി, ത്രേസ്യാമ്മ എന്നു നാലുപുത്രിമാരേ ഉണ്ടായിരുന്നുള്ളു.

പിതാവ് തൊമ്മച്ചൻ 1968 ആഗസ്റ്റ് 14-ന് 80-ാമത്തെ വയസ്സിൽ അന്തരിച്ചു.

മൂത്തമകൾ അന്നമ്മയെ മുണ്ടകപ്പാടത്തു തൈക്കൂട്ടത്തിൽ ജോസഫും രണ്ടാമത്തെ പുത്രി മറിയാമ്മയെ തോണക്കര വർക്കി-ഏലിമകൻ ജോസഫും മൂന്നാമത്തെ മകൾ ഏലിക്കുട്ടിയെ അരുവിക്കുഴിവിലങ്ങുപാറയിൽ ഔസേപ്പ്-ഏലിമകൾ തോമസും നാലാമത്തെ പുത്രി ത്രേസ്യാമ്മയെ ആനിക്കാട്ടു പുഞ്ചിൽ പീലിപ്പോസും വിവാഹം കഴിച്ചു.

മറിയാമ്മ-ജോസഫ് ദമ്പതികളാണ് അരുവിക്കുഴി തറവാട്ടിൽ ഇപ്പോൾ താമസിക്കുന്നത്.

തലവയലിൽ താമസിച്ചിരുന്ന കുര്യൻ-അന്നമ്മ ദമ്പതികളുടെ ഇളയ പുത്രനും, മത്തായി, തൊമ്മച്ചൻ മുതൽ പേരുടെ അനുജനു

മായ കുര്യൻ (പാപ്പൻ) മാറിടം പെണ്ണാംപറമ്പിൽ കുടുംബത്തിൽ നിന്നു ത്രേസ്യാമ്മയെ വിവാഹം കഴിച്ചു ഈ വിവാഹത്തിൽ കുര്യൻ (കുട്ടി) അന്നമ്മ, തോമസ് (കുഞ്ഞമ്മൻ) മറിയാമ്മ എന്ന നാലു സന്താനങ്ങൾ ജനിച്ചു. താമസിയാതെ, മാതാവ് ത്രേസ്യാമ്മ അകാലചരമ മടഞ്ഞു. പിന്നീട് പിതാവ് കുര്യൻ ആനിക്കാട് കണയംപ്ലാക്കൽ കുടുംബാംഗമായ അന്നമ്മയെ പുനർ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ അന്നമ്മ എന്നൊരു പുത്രിയും ജാതയായി.

ഇതിനിടെ കൂടുതൽ സൗകര്യം ലാക്കാക്കി തലവയലിലെ പുരയിടം വിറ്റിട്ട് കുര്യനും കുടുംബവും കല്ലൂർക്കുളം മഠത്തിനു സമീപത്തേക്കു താമസം മാറ്റി.

മൂത്തമകൻ കുര്യൻ (കുട്ടി) കാഞ്ഞിരമറ്റം പിരിയാമ്മാക്കൽ കുടുംബത്തിൽ നിന്ന് കുഞ്ഞേലിയെ വിവാഹം ചെയ്തു. ദമ്പതികൾക്ക് ഒരാണും മൂന്നുപെണ്ണും സന്താനങ്ങളായുണ്ട്.

രണ്ടാമത്തെ മകൻ തോമസ് (കുഞ്ഞമ്മൻ) ചേനപ്പാടി തെങ്ങടവീട്ടിൽ നിന്ന് മറിയാമ്മയെ പരിണയിച്ചു. ഇവർക്ക് ഏഴു പുത്രന്മാരാണുണ്ടായത്..

പുത്രിമാരിൽ അന്നമ്മ ഞണ്ടുപാറ കുഴിയാംപ്ലാവിൽ ചാക്കോയുടെ കുടുംബിനിയാണ്.

രണ്ടാമത്തെ പുത്രി മറിയാമ്മയെ പൂവത്തിളപ്പ് പയ്യാനി മണ്ഡപത്തിൽ തോമസ് വിവാഹം കഴിച്ചു.

കുര്യന്റെ (പാപ്പൻ) രണ്ടാം വിവാഹത്തിലെ ഏകമകൾ അന്നമ്മയെ ചെങ്ങളം കുറ്റിക്കാട്ടുകുടുംബാംഗമായ ലൂക്കാച്ചൻ പാണിഗ്രഹണം ചെയ്തു.

പിൽക്കാലത്ത് കുര്യന്റെ കുടുംബം മലബാറിലേക്കു കുടിയേറ്റം നടത്തി.

പിതാവ് കുര്യൻ പാപ്പൻ 1983 മെയ് 8-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. രണ്ടാമത്തെ മകൻ കുഞ്ഞമ്മൻ (തോമസ്) 1990 ജൂൺ 9-ാം തീയതിയും ചരമം അടഞ്ഞു.

## വടക്കേമണിയങ്ങാട്ടുതൊമ്മൻ

വടക്കേമണിയങ്ങാട്ടു മാത്യു കാരണവരുടെ ഇളയപുത്രനും കുര്യന്റെ അനുജനുമായ തൊമ്മൻ ഇടമുളയിൽ തെക്കേൽ കുടുംബത്തിലെ ഔസേപ്പിന്റെ മകൾ അന്നമ്മയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് തൊമ്മൻ, ഔസേപ്പ്, മാത്യു എന്നു മൂന്നു പുത്രന്മാരും മറിയം, അന്നമ്മ എന്നു രണ്ടു പുത്രിമാരും ജാതരായി.

പിതാവു തൊമ്മൻ 1954 ജനുവരി ഒന്നാം തീയതി 97-ാം മത്തെ വയസ്സിൽ മരിച്ചു. മാതാവ് അന്നമ്മ 1948 ജനുവരി 11-ാം തീയതിയും 86-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു.

മൂത്തമകൻ തൊമ്മൻ (പാപ്പൻ) മുത്തോലി മണ്ണൂക്കുശുമ്പിൽ മാത്യു-ത്രേസ്യാ മകൾ അന്നമ്മയെ ജീവിത പങ്കാളിയാക്കി. ഈ ദമ്പതികൾക്ക് തൊമ്മൻ (കുട്ടി) മാത്യു (പാപ്പച്ചൻ) ജോസഫ്, സ്കറിയാച്ചൻ എന്നു നാലു പുത്രന്മാരും മാമ്മി, ത്രേസ്യാമ്മ, ഏലിക്കൊച്ച്, ചിന്നമ്മ എന്നു നാലു പുത്രിമാരും ഉണ്ടായി.

മൂത്തമകൻ തൊമ്മൻ (പാപ്പൻ) തറവാട്ടിൽ നിന്ന് വാകമലയിലെ പുരയിടത്തിലേക്കു സകുടുംബം താമസം മാറ്റി. 1977-ൽ ആ സ്ഥലം വിറ്റശേഷം മലബാറിൽ പുല്ലൂരാംപാറയിലേക്കു കുടിയേറി.

പിതാവു പാപ്പൻ 1984 ഡിസംബർ 23-ാം തീയതിയും മാതാവ് അന്നമ്മ 1977 ജനുവരി 11-ാം തീയതിയും നിര്യാതരായി. മരിക്കുമ്പോൾ പാപ്പൻ 88 വയസ്സ് അന്നമ്മയ്ക്ക് 72 വയസ്സും പ്രായമുണ്ടായിരുന്നു. പാപ്പൻ അന്നമ്മ ദമ്പതികളുടെ മൂത്തമകൻ തൊമ്മൻ (കുട്ടി) മരങ്ങാട്ടുപള്ളി നെല്ലരിയിൽനിന്നും വിവാഹം കഴിച്ചു. മക്കളായിട്ടു നാലു പെണ്ണങ്ങളാണുള്ളത്. ജോളി, ജെസി, ജേർളി, ജോളി മോൾ എന്നിവർ

രാണ്ടാമൻ-മാത്യു(പാപ്പച്ചൻ) ചേനപ്പാടിയിൽ മണ്ണൂർ ചെറിയാൻ കത്രിമകൾ മേരിയെ വിവാഹം കഴിച്ചു. മക്കൾ 3 ആണങ്ങൾ 4 പെണ്ണങ്ങൾ.

മൂന്നാമത്തെ മകൻ ബഹു. ഫാദർ ജോസഫ്. പാലാ രൂപതാ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസത്തിനു ശേഷം യഥാസമയം

വൈദികനായി. പാലാ രൂപതയിലുള്ള വിവിധ പള്ളികളിൽ വിശിഷ്ട സേവനത്തിനുശേഷം, കുടുംബക്കാർ തലശേരി രൂപത യിലേക്കു പോയതിനാൽ അദ്ദേഹവും തലശ്ശേരി രൂപതയിലേക്ക് മാറി. അവിടെയുള്ള പല പള്ളികളിലും വികാരിയായി പള്ളി ഭരണം നടത്തി. ഇപ്പോൾ വിശ്രമജീവിതത്തിലാണ്.



**മണിയങ്ങാട്ട് എം.റ്റി. സ്കറിയായും കുടുംബവും**

നാലാമത്തെ മകൻ സ്കറിയാച്ചൻ കാഞ്ഞിരപ്പള്ളിൽ പുതുപ റമ്പിൽ ചാക്കോക്ലാരമ്മ മകൾ ഏലമ്മയെ വിവാഹം കഴിച്ചു. ബിന്ദു, ബിനു, ജിജ, ജിൻസു എന്നീ മക്കളാണ് ഉള്ളത്.

പാപ്പൻ-അന്നമ്മ ദമ്പതികളുടെ മൂത്തമകൾ മാമ്മിയെ വാഴൂർ ആലപ്പാട്ട് ഔസേപ്പ്-ത്രേസ്യാമ്മ മകൻ ജോൺ വിവാഹം കഴിച്ചു. മാമ്മി-ജോൺ ദമ്പതികൾക്ക് ത്രേസ്യാമ്മ ജോയി, ആലീസ്, വത്സ മ്മ, സാലിക്കുട്ടി, റോസിലി, തോമസ്, ജോണി എന്നിവരാണ് സന്താ നങ്ങൾ. ഇവരിൽ ത്രേസ്യാമ്മയും സാലിക്കുട്ടിയും സന്യാസവ്രതം സ്വീകരിച്ച് അർപ്പിതജീവിതം നയിക്കുന്നു. ആലീസ് മണിമല വില ങ്ങാട്ടു ജോസഫിന്റെ സഹധർമ്മിണിയായി. വത്സമ്മയെ ആലക്കോട്ട് ചീരാംകുഴിയിൽ അബ്രാഹം സ്വകുടുംബിനിയാക്കി റോസിലിയുടെ ജീവിതപങ്കാളി പുലിക്കരുമ്പ ആലീലക്കുഴിയിൽ ജോണിയാണ്.

മാമ്മി-ജോൺ ദമ്പതികളുടെ പുത്രന്മാരായ ജോയി, തോമസ്, ജോണി എന്നിവരും യഥാകാലം ജീവിതാന്തസ്സിൽ പ്രവേശിച്ചു.

പാപ്പൻ-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൾ ത്രേസ്യാ മ്മയെ കാഞ്ഞിരമറ്റത്തു എളമ്പാശ്ശേരിൽ ആഗസ്തി(കൊച്ച്) സ്വന്തം വധുവായി വരിച്ചു. ഈ കുടുംബം ഇപ്പോൾ തിരുമേനിയിലാണ് താമസം. ഈ ദമ്പതികൾക്ക് ജോയി, മാമ്മച്ചൻ, തങ്കച്ചൻ, ഷീല,

ഷൈല, ഷേർലി എന്നിവർ മക്കളാണ്. ഷീലയെ താബോർ കുട്ടുങ്കൽ ഫിലിപ്പ് വിവാഹം കഴിച്ചു മറ്റുമക്കളും യഥാകാലം വിവാഹിതരായി.

പാപ്പൻ-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൾ ഏലികൊച്ച് അരുവിക്കുഴി ശ്രാമ്പിക്കൽ ജോസഫ്-അന്നമ്മ മകൻ ജോസഫ് (കുട്ടി)ന്റെ പത്നിയാണ് ഈ ദമ്പതികൾക്ക് ജോളി, ജോസ്, ജെസി, ജേർളി, ജോജിമോൻ എന്ന് അഞ്ചുമക്കളുണ്ട്.

വടക്കേമണിയങ്ങാട്ടു തൊമ്മൻ അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൻ ഔസേപ്പ് ചേർപ്പുങ്കൽ ഇടവക ചാമക്കാലായിൽ ദേവസ്യാ മറിയം മകൾ അന്നമ്മയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് തോമസ്, ചിന്നമ്മ, മറിയം, സെബാസ്റ്റ്യാൻ (കുട്ടിയച്ചൻ) എന്നു നാലുമക്കളാണ്.

പുത്രിമാരിൽ ചിന്നമ്മയെ ചെങ്ങളം ഇടവക കുറ്റിക്കാട്ട് തൊമ്മൻ- ഏലിമകൻ ഫിലിപ്പ് വിവാഹം കഴിച്ചു. ചിന്നമ്മ-ഫിലിപ്പ് ദമ്പതികൾക്ക് ലിസാമ്മ, ആൻസി, തോമസ്, ലില്ലി, ലാലി, ലിജി, റോയി, റ്റോജി എന്നീ സന്താനങ്ങളുണ്ട്. ഇവരിൽ ലിസാമ്മയെ നെടുമാവ് തുണിയമ്പ്രാ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു ആൻസി മറ്റക്കര കൊച്ചുമഠത്തിൽ കൊച്ചിന്റെ കുടുംബിനിയായി. മറ്റു മക്കളുടെ കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഔസേപ്പ്-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൾ മരിയയെ മുണ്ടക്കയം കാഞ്ഞമല മാണി-മറിയം മകൻ മാണി പാണിഗ്രഹണം ചെയ്തു.



**മണിയങ്ങാട്ട് വടക്കേമുറി പാപ്പച്ചനും കുടുംബവും**

ഔസേപ്പ്-അന്നമ്മ ദമ്പതികളുടെ മൂത്തമകൻ തോമസ് (പാപ്പച്ചൻ) കൊഴുവനാൽ നരിമറ്റത്തിൽ കുര്യൻ-മറിയം മകൾ ത്രേസ്യാമ്മയെ സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് ആനിയമ്മ, മേരിക്കുട്ടി, വത്സ, ജിയോ, പീയൂസ്, ജാക്വിലിൻ, ദിലീപ്, എന്നിവരാണ് മക്കൾ ഇവരിൽ ആനിയമ്മ തീക്കോയി ഇടയാടിയിൽ സ്കറിയാച്ചൻ-മറിയക്കുട്ടി ദമ്പതികളുടെ മകൻ ബേബിയുടെ ജീവിത പങ്കാളിയായി. ആനിയമ്മ, ബേബി ദമ്പതികൾക്ക് ജനി, ജീനാ മോൾ, അമ്മു എന്നുമൂന്നു പുത്രിമാരാണുള്ളത്.

ആനിയമ്മയുടെ അനുജത്തി മേരിക്കുട്ടിയെ തലനാട് കദളിയിൽ ജോസഫ്-ത്രേസ്യാമ്മ മകൻ ഔസേപ്പച്ചൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നിധിൻ, നിജിത്ത്, നിരൂപ് എന്നു മൂന്നു പുത്രന്മാരുണ്ട്.

പിതാവ് വടക്കേമണിയങ്ങാട്ട് ഔസേപ്പ് 89-ാമത്തെ വയസ്സിൽ 1996 ജനുവരി 3-ാം തീയതിയും മാതാവ് ഔസേപ്പ് അന്നമ്മ 2003 സെപ്റ്റംബർ 28-ാം തീയതി 81-ാമത്തെ വയസ്സിലും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

തോമസ് (പാപ്പച്ചൻ) ത്രേസ്യാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൾ വത്സ മാമ്മൂട് തോട്ടത്തിൽ ഐസക്ക് ഫ്രാൻസീസ് (ജോച്ചൻ) സ്വകുടുംബിനിയാക്കി.

തോമസ്(പാപ്പച്ചൻ) ത്രേസ്യാമ്മ ദമ്പതികളുടെ മൂത്തപുത്രൻ ജിയോ (തങ്കച്ചൻ) കാവാലം വള്ളിക്കാട്ടു വക്കച്ചൻ-അമ്മിണി മകൾ മിനുവിനെ പരിണയിച്ചു. ജിയോ-മിനു ദമ്പതികൾക്ക് ടോം, ജോർജ്ജ്, എന്നിവർ മക്കൾ.

തോമസ് (പാപ്പച്ചൻ)-ത്രേസ്യാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ പയസ് മൂന്നിലവ് പാറയ്ക്കൽ തോമസ്-രാജമ്മ ദമ്പതികളുടെ പുത്രി ബിന്ദുവിനെ സഹധർമ്മിണിയായി വരിച്ചു. ഈ ദമ്പതികളുടെ മക്കളാണ് അഖിൽ ജോസഫ് എന്നിവർ.

വടക്കേമണിയങ്ങാട്ടു തൊമ്മൻ ഔസേപ്പ്-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ സെബാസ്റ്റ്യൻ (കുട്ടിയച്ചൻ) 43-ാമത്തെ വയസ്സിൽ 1990 ഫെബ്രുവരി 9-ാം തീയതി അകാല ചരമം പ്രാപിച്ചു. ദുഃഖകരമായ വിവരവും രേഖപ്പെടുത്തുന്നു.

തൊമ്മൻ-അന്നമ്മ ദമ്പതിമാരുടെ ഒന്നാമത്തെ പുത്രിയായ മറിയാമ്മയെ തകിടിയേൽ തേക്കനാംകുന്നേൽ അവിരാ മറിയം മകൻ ജോസഫ് വിവാഹം കഴിച്ചു. മകൻ അബ്രാഹം തിരുവഞ്ചൂർ

കണ്ടത്തിൽ നിന്നും വിവാഹം കഴിച്ചു. മറിയാമ്മയെ ഏറ്റുമാനൂർ പുളിങ്ങാപ്പള്ളിൽ ചാക്കോ വിവാഹം കഴിച്ചു. തോമസ് കാണക്കാരിൽ പുഞ്ചാലിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ജോസഫ് 19-11-1969-ൽ അകാല ചരമം പ്രാപിച്ചു.

തൊമ്മൻ അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രിയായ അന്നമ്മയെ വണ്ടനാനിക്കൾ ജോസഫ് വിവാഹം കഴിച്ചു. മകൻ, പിലിപ്പ് ചെമ്പളാവിൽ ഇടശേരിൽ മേരിയെ വിവാഹം കഴിച്ചു.

രണ്ടാമൻ പാപ്പച്ചൻ മൂലമറ്റം മണക്കാട്ടു ചിന്നമ്മയെ വിവാഹം കഴിച്ചു. ഇളയ മകൾ മറിയക്കുട്ടിയെ വാഴൂർ കുന്നുംപുറത്ത് ജെയിംസ് വിവാഹം ചെയ്തു.

## ഫാ. മാത്യു മണിയങ്ങാട്ട്

വടക്കേമണിയങ്ങാട്ട് തൊമ്മൻ-അന്നമ്മ ദമ്പതികളുടെ ഇളയ പുത്രൻ മാത്യു സാമാന്യ വിദ്യാഭ്യാസത്തിനുശേഷം ആലുവാ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തി. തിരുവല്ലാ രൂപതയിൽ ചേർന്ന് 1942-ൽ പൗരോഹിത്യം സ്വീകരിച്ചു. തിരുവല്ലാ രൂപതയിലെ ആദ്യകാല വൈദികരിൽ ഒരാളായ ഫാ. മാത്യു ആ രൂപതയിലെ കുമ്പളന്താനം, പച്ചമഠം, കരിമ്പനാക്കുഴി, ശാന്തിപുരം, മക്കൂർ, ഇടത്തിക്കാവ്, എരുമേലി, നൂറോമ്മാവ്, പുന്നവേലി, വേണ്ടൽ എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് പ്രായാധിക്യമായപ്പോൾ തിരുവല്ലാ ക്ലേർജി ഹോമിൽ വിശ്രമജീവിതം നയിച്ചു വരവെ അവശനിലയിൽ തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ വച്ച് 2001 ജൂലൈ 22-ാം തീയതി 90-ാം വയസ്സിൽ കർത്താവിൽ സൗഭാഗ്യ മരണം പ്രാപിക്കുകയും ചെയ്തു.

മരണാനന്തരം 24-ാം തീയതി ഭൗതികദേഹം വിലാപയാത്രയായി കൊഴുവനാലുള്ള മണിയങ്ങാട്ടുഭവനത്തിൽകൊണ്ടുവന്നു. തിരുവല്ല രൂപതാ മെത്രാൻ അഭിവന്ദ്യ മാർ തോമസ് കൂറിലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വസതിയിൽ സംസ്കാര ശുശ്രൂഷാ തിരുകർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് വിലാപയാത്രയായി കൊഴുവനാൽ പള്ളിയിൽ കൊണ്ടുവന്നു പൊതുദർശനത്തിനുവച്ച മൃതദേഹം തിരുക്കർമ്മങ്ങൾക്കുശേഷം കൊഴുവനാൽ പള്ളി സിമിത്തേരിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ സംപൂജ്യമായി സംസ്ക്കരിച്ചു.